/5837393/2023

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4130 16.05.2017ൽ മറുപടിയ്ക്ക്

<u>സുൽത്താൻ ബത്തേരി - മൈസൂർ രാത്രിയാത്രാ നിരോധനം</u>

| ചോദ്യം<br>ശ്രീ. സി.കെ. ശശീന്ദ്രൻ | | മറുപടി<br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സുൽത്താൻ ബത്തേരി - മൈസൂർ റൂട്ടിൽ രാത്രി യാത്രാ നിരോധനം നീക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ദേശീയപാതയിൽ സുൽത്താൻ ബത്തേരിക്കും മൈസൂരിനും ഇടയിൽ ബന്ദീപ്പൂർ വനമേഖലയിൽ രാത്രി 09.00 മണി മുതൽ രാവിലെ 6.00 മണി വരെയുള്ള സമയത്ത് വാഹന ഗതാഗതം നിരോധിച്ചിട്ടുണ്ട്. ടി നിരോധനത്തിനെതിരെ കേരള സർക്കാരും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് ബഹു.സുപ്രീംകോടതിയിൽ SLP No.13838/10 നമ്പർ ഹർജി ഫയൽ ചെയ്തിട്ടുണ്ട് ടി ഹർജി ഇപ്പോഴും നിലനിൽക്കുകയാണ്. |
| (ബി) | യാത്രാ നിരോധനം നിലവിലുള്ള ഭാഗത്ത് ഫ്ലൈ ഓവർ നിർമ്മിച്ച് യാത്രാ നിരോധനം മറികടക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇത്തരത്തിൽ ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | രാത്രി യാത്രാ നിരോധനം സംബന്ധിച്ച് കർണ്ണാടക സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നെല്ലാമെന്ന വെളിപ്പെടുത്താമോ? | (സി) | രാത്രിയാത്രാ നിരോധനം സംബന്ധിച്ച് കർണ്ണാടക സർക്കാരുമായി ചർച്ച ചെയ്യുന്നതിനായി കർണ്ണാടക ഗതാഗത വകുപ്പ്.മന്ത്രിക്ക് കത്ത് അയച്ചിരുന്നു. എന്നാൽ മറുപടി ഒന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ